കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 1 | ഏപ്രിൽ 15 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 'ഞങ്ങളും കൃഷിയിലേക്ക്' കേരളത്തിന്റെ കാർഷിക സംസ്കാരം തിരിച്ചുകൊണ്ടുവരുന്ന ഒരു ജനകീയ പദ്ധതി ശ്രീ. പി. പ്രസാദ്

3 നവ സംരംഭകരെയും പുതു തലമുറയെയും ക്ഷീര മേഖലയിലേക്ക് ആകർഷിക്കും: മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി

6 ഹോർട്ടിക്കോർപ് കർഷകർക്കുള്ള കുടിശ്ശിക മാർച്ച് 31നകം നൽകുമെന്ന് മന്ത്രി ശ്രീ.പി. പ്രസാദ്

# യഥാർത്ഥ സെലിബ്രിറ്റികൾ കർഷകർ
## കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

സമൂഹത്തിൽ ഏറ്റവും ഉയർന്ന സ്ഥാനത്തിരിക്കേണ്ടവർ മണ്ണിൽ പണിയെടുക്കുന്ന കർഷകരാണ്. അവരാണ് യഥാർത്ഥ സെലിബ്രറ്റികളെന്ന് കൃഷിമന്ത്രി ശ്രീ. പി.പ്രസാദ് പറഞ്ഞു.ആലപ്പുഴ ജില്ലാതല കർഷക അവാർഡ് വിതരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്ന മന്ത്രി. ലോകത്തെ ഏറ്റവും മികച്ച കണ്ടുപിടുത്തം കൃഷിയാണ്. കൃഷി എല്ലാവരുടേയും ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ജീവന്റെ നിലനിൽപ്പ് തന്നെ കൃഷിയാണ്. കൃഷിയെ അവഗണിച്ച് ആർക്കും മുന്നോട്ടുപോകുവാൻ സാധിക്കുകയില്ലെന്നും മന്ത്രി പറഞ്ഞു. അവനവന് ആവശ്യമായ ശുദ്ധമായ ഭക്ഷണം നമ്മൾ തന്നെ ഉല്പാദിപ്പിക്കാനുള്ള ശ്രമമുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. സർക്കാർ പ്രഖ്യാപിച്ച ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി ഒരു ജനകീയ കാമ്പയിനായി സമൂഹം ഏറ്റെടുക്കണമെന്ന് മന്ത്രി ആഹ്വാനം ചെയ്തു.

മണ്ണും മനുഷ്യനും കാലാവസ്ഥയുമെല്ലാം പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. അതുകൊണ്ട് തന്നെ പരിസ്ഥിതിയെ മലിനപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നാം അവസാനിപ്പിക്കണം. രാജ്യത്ത് ആദ്യമായി നടപ്പാക്കുന്ന കാർബൺ ളുലിതാ കൃഷിരീതി കേരളത്തിൽ ആരംഭിക്കുകയാണ്. ആലുവ സീഡ് ഫാമാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. എല്ലാ സർക്കാർ ഫാമുകളും കാർബൺ ളുലിതാ കൃഷി രീതിയിലേക്ക് മാറ്റുമെന്നും മന്ത്രി പറഞ്ഞു.




പച്ചക്കറി വികസന പദ്ധതി പ്രകാരമുള്ള ജില്ലാതല അവാർഡ് ജേതാക്കൾക്കുള്ള പുരസ്കാരങ്ങൾ മന്ത്രി വിതരണം ചെയ്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. കെ.ജി.രാജേശ്വരി ചടങ്ങിന് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് തലത്തിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് ശ്രീ. പി.പി.ചിത്തരഞ്ജൻ എംഎൽഎ ഇന്റേണൽ ഷിപ്പ് സർട്ടിഫിക്കറ്റ് വിതരണം നടത്തി. മുതിർന്ന കർഷകനായ ശ്രീ. പുഷ്പാംഗദൻ കൈതവളപ്പിലിന് തൈകൾ നൽകിക്കൊണ്ട് ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ കളക്ടർ ഡോ. രേണുരാജ് ഐഎഎസ് നിർവഹിച്ചു. മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി. സൗമ്യരാജ്, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബി.ബി.വിദ്യാനന്ദൻ, മങ്കൊമ്പ് കെപിസിഎം പ്രോജക്ട് ഡയറക്ടർ ശ്രീമതി. പ്രിയ കെ.നായർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. എൻ.രമാദേവി, ആലപ്പുഴ ആത്മ പ്രൊജക്ടർ ഡയറക്ടർ ഇൻചാർജ് ശ്രീ. റ്റി.സജി, വാർഡ് കൗൺസിലർ ശ്രീമതി. എ.എസ്. കവിത എന്നിവർ പങ്കെടുത്തു. പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ആർ.ശ്രീരേഖ സ്വാഗതവും ആലപ്പുഴ കൃഷി അസിസ്റ്റൻറ് ഡയറക്ടർ ജൂലി ലൂക്ക് കൃതജ്ഞതയും പറഞ്ഞു.

തുടർന്ന് വി എഫ് പി സി കെ ഡെപ്യൂട്ടി മാനേജർ ശ്രീമതി. സരിത എസ്.നായർ ജൈവപച്ചക്കറി കൃഷി എന്ന വിഷയത്തിൽ ക്ലാസെടുത്തു.

ചീഫ് എഡിറ്റർ - സുനിൽകുമാർ ആർ.
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എസ്. ശരത്ചന്ദ്രകുമാർ
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# 'ഞങ്ങളും കൃഷിയിലേക്ക്'

## കേരളത്തിന്റെ കാർഷിക സംസ്കാരം തിരിച്ചുകൊണ്ടുവരുന്ന ഒരു ജനകീയ പദ്ധതി - ശ്രീ. പി. പ്രസാദ്

നല്ല ഭക്ഷണത്തിനും ജീവിതശൈലി രോഗങ്ങൾ അകറ്റാനും ലക്ഷ്യമിടുന്ന, എല്ലാ മേഖലയിലുമുള്ള ജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിപുലമായ ഒരു പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക് "- കൃഷിമന്ത്രി ശ്രീ. പി പ്രസാദ്.

കീടനാശിനിയും അമിതമായ രാസവള പ്രയോഗവും ഇല്ലാതെ നല്ല രീതിയിൽ ശുദ്ധമായ പച്ചക്കറി നാമോരോരുത്തരും ഉൽപ്പാദിപ്പിക്കാനും ആരോഗ്യവും കാർഷിക സംസ്കാരവുമുള്ള ഒരു ജനതയെ വാർത്തെടുക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് ഞങ്ങളും കൃഷിയിലേക്ക്. ഈ പദ്ധതി പ്രകാരം എല്ലാ കുടുംബാംഗങ്ങളെയും കൃഷിയിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നു. നല്ല ഭക്ഷണം കഴിക്കുന്നതിലൂടെ ഒരു പരിധി വരെ ജീവിതശൈലി രോഗങ്ങൾ നമുക്ക് അകറ്റി നിർത്താൻ സാധിക്കും. കണ്ണൂർ താണയിലുള്ള ദിനേശ് ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ച കോഴിക്കോട് വയനാട് കണ്ണൂർ കാസർകോട് ജില്ലകളിലെ കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഓൺലൈനായി സംസാരിക്കുകയായിരുന്നു മന്ത്രി. കാർഷിക ഉൽപ്പന്നങ്ങൾക്ക് മികച്ച വില ഉറപ്പാക്കുന്നതിനു വേണ്ടി സർക്കാർ സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

സംഭരണം, സംസ്കരണം, വിപണനം എന്നീ കാര്യങ്ങളിൽ ഊന്നികൊണ്ടു പ്രവർത്തനം വിപുലമാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. കാർഷിക ഉൽപ്പന്നങ്ങളിൽ നിന്ന് വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണവും ബ്രാന്റിങ്ങും ചെയ്യണം. കൃഷി ഭവനുകൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒ കൾ തുടങ്ങി എല്ലാ സംവിധാനങ്ങളെയും ഇതിനായി പ്രയോജനപ്പെടുത്തണം. ഓരോ പഞ്ചായത്തിലും വാർഡുകൾക്ക് കീഴിൽ ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ നടത്തിപ്പിനായി കൃഷിക്കൂട്ടം എന്ന പേരിൽ ഗ്രൂപ്പുകൾ ഉണ്ടാകും ഓരോ വാർഡിലും ഒരു ഗ്രൂപ്പ് എങ്കിലും ഉണ്ടാക്കണം. ഏറ്റവും കുറഞ്ഞത് കേരളത്തിൽ പതിനായിരം ഗ്രൂപ്പുകൾ ഇതിനു വേണ്ടി സജീവമായി പ്രവർത്തിക്കുന്ന സംവിധാനമുണ്ടാകണം .




ഞങ്ങളും കൃഷിയിലേക്ക്" സംസ്ഥാനത്തെ ഏറ്റവും മികച്ച ജനകീയ പദ്ധതിയാക്കി മാറ്റേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

ഒരു ലക്ഷത്തിലധികം പേർക്ക് തൊഴിൽ നൽകുന്നതാണ് കൃഷിവകുപ്പ് ആവിഷ്കരിക്കുന്ന ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയെന്ന് കൃഷി അഡീഷണൽ സെക്രട്ടറി സാബിർ ഹുസൈൻ പറഞ്ഞു. ഉല്പാദനം, വിപണനം, മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മാണം എന്നിവ വഴി ഏറ്റവുമധികം തൊഴിൽ നൽകുന്ന മികച്ച പദ്ധതിയാക്കി ഇതിനെ മാറ്റണം.

ഞങ്ങളും കൃഷിയിലേക്ക് എന്ന മുദ്രാവാക്യം ഏറ്റെടുക്കാത്ത ഒരു കുടുംബവും കേരളത്തിൽ ഇല്ല എന്ന അവസ്ഥയുണ്ടാകണം. ഈ സന്ദേശം എത്താത്ത ഒരു മനസ്സും ഇവിടെ ഉണ്ടാവാൻ പാടില്ലാത്ത വിധം കാംപയിൻ ഫലപ്രദമായി നടപ്പാക്കണമെന്നും മന്ത്രി പറഞ്ഞു.

നെല്ലുല്പാദനത്തിന്റെ കാര്യത്തിൽ വയലുകളുടെ കുറവുണ്ട്. എന്നാൽ പച്ചക്കറിയുടെ കാര്യത്തിൽ മണ്ണുണ്ട്. മനസ്സാണ് ഉണ്ടാവേണ്ടതെന്നും മന്ത്രി പറഞ്ഞു. ഈ മേഖലയിൽ പണ്ട് നാം സ്വയംപര്യാപ്തരായിരുന്നു. കഴിക്കുന്നവരുടെ എണ്ണം കൂടുകയും ഉല്പാദിപ്പിക്കുന്നവരുടെ എണ്ണം കുറയുകയും ചെയ്തു. നമ്മുടെ കുഞ്ഞുങ്ങളെയെങ്കിലും രോഗങ്ങളിൽ നിന്ന് മുക്തരാക്കാൻ വിഷരഹിതമായ കൃഷിരീതിയിലേക്ക് മാറേണ്ടതുണ്ടെന്നും പുതിയ പദ്ധതി അതിനുള്ള ഉത്തരമാണെന്നും മന്ത്രി വിശദീകരിച്ചു.

കാർഷികോൽപാദന കമ്മീഷണർ ഇഷിത റോയ് ഐ.എ.എസ്. ഓൺലൈനായി അധ്യക്ഷത വഹിച്ചു. കൃഷി ഡയറക്ടർ ശ്രീ. ടി.വി സുഭാഷ് ഐ.എ.എസ്. കേരള സംസ്ഥാന കാർഷികോൽപാദന വിലനിർണയ ബോർഡ് ചെയർമാൻ ഡോ. പി.കെ. രാജശേഖരൻ, `ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ നോഡൽ ഓഫീസർ ശ്രീ. എസ്.സാബിർ ഹുസൈൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ശ്രീ.സുനിൽകുമാർ, കണ്ണൂർ കൃഷി വിജ്ഞാൻ കേന്ദ്ര പ്രൊഫസർ ആൻഡ് ഹെഡ് ശ്രീ. പി. ജയരാജ്, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി യുടെ അമ്പലവയൽ പ്രാദേശിക ഗവേഷണകേന്ദ്രം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് ശ്രീ. അജിത് കുമാർ കെ. കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. ശശി പൊന്നണ, കോഴിക്കോട് ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി. രമാദേവി പി. ആർ. കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. സുരേഷ് നെൽസൺ, കണ്ണൂർ ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി. ഷൈലജ പി.വി., വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ഷേർലി എ.എഫ്., വയനാട് ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി. സജി മോൾ വി.കെ., നാലു ജില്ലകളിൽ നിന്നുള്ള കൃഷിവകുപ്പിലെ മറ്റു ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. കൃഷി അഡീഷണൽ ഡയറക്ടർ ശ്രീമതി. സുഷമ .എസ്.സ്വാഗതം പറഞ്ഞു. കൃഷി അഡീഷണൽ ഡയറക്ടർ ശ്രീ. ജോർജ് സെബാസ്റ്റ്യൻ നന്ദി പറഞ്ഞു.

# കൃഷി വകുപ്പ് മന്ത്രി ശ്രീ. പി.പ്രസാദ് അവർകൾ കാന്തല്ലൂർ മേഖലയിലെ കർഷകരുമായി സംവദിക്കുന്നു.

ദേവികുളം എം.എൽ.എ അഡ്വ. എ.രാജ, ഹോർട്ടികോർപ്പ് ചെയർമാൻ അഡ്വ. വേണുഗോപാൽ, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മോഹൻ ദാസ്, ഹോർട്ടികോർപ്പ് എം.ഡി ശ്രീ. ജെ.സജീവ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. എലിസബത്ത് പുന്നൂസ്, എഫ്.ഐ.ബി. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ശ്രീ. ജോർജ്ജ് സെബാസ്റ്റ്യൻ, ആത്മ പ്രൊജക്ട് ഡയറക്ടർ ശ്രീമതി. ആൻസി തോമസ്, ദേവികുളം എ.ഡി.എ ശ്രീ. പ്രമോദ് എം.എസ് എന്നിവർ പങ്കെടുത്തു.



# നവ സംരംഭകരെയും പുതു തലമുറയെയും ക്ഷീര മേഖലയിലേക്ക് ആകർഷിക്കും : മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി

പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ നവ സംരംഭകരെയും പുതുതലമുറയെയും ക്ഷീര മേഖലയിലേക്ക് ആകർഷിക്കുമെന്ന് മൃഗസംരക്ഷണ ക്ഷീരവികസനവകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചു റാണി.

ക്ഷീര വികസന വകുപ്പിന്റെയും കാസറഗോഡ് ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിൽ പട്ടുവളം ക്ഷീര സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ തൃതലപഞ്ചായത്ത്, മിൽമ, കേരളാഫീഡ്സ്, ജില്ലയിലെ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ കാലിക്കടവ് ശ്രീ കരക്കക്കാവ് ഭഗവതി ക്ഷേത്രം ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ക്ഷീരകർഷക സംഗമത്തിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

ചെറുകിട ക്ഷീര കർഷകരെ സഹായിക്കുന്നതിന് ആവശ്യമായ എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നുണ്ട്.

കന്നു കാലികൾക്കും മറ്റു വളർത്തു മൃഗങ്ങൾക്കും പെട്ടന്ന് ഉണ്ടാകുന്ന അസുഖങ്ങൾക്കും കുത്തിവയ്പ്പിനും മറ്റു അത്യാഹിത സന്ദർഭങ്ങളിലും



മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റിന്റെ സേവനം എല്ലാ ജില്ലകളിലും നടപ്പാക്കും.

24 മണിക്കൂറും സേവന സജ്ജമായ ടെലി വെറ്ററിനറി യൂണിറ്റ് ക്ഷീര കർഷരുടെ വീട്ടുമുട്ടത്ത് അത്യാവശ്യഘട്ടങ്ങളിൽ എത്തിക്കുകയാണ് ഉദ്ദേശ്യം. കോവിഡ് പ്രതിസന്ധിയിലും തളരാതെ കേരളത്തിലെ ക്ഷീര കർഷകർ മികച്ച പ്രവർത്തനമാണ് കാഴ്ചവെച്ചത്. പാലുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള വഴിയിലാണ് സംസ്ഥാനമെന്നും മന്ത്രി ചടങ്ങിൽ പറഞ്ഞു. ക്ഷീരമേഖലയുടെ വികസനത്തിനായി വകുപ്പും സ്ഥാപനങ്ങളും ഊർജസ്വലമായ പ്രവർത്തനമാണ് നടത്തുന്നത്.മുഴുവൻ സമയ ഡോക്ടർ സേവനം ലഭ്യമാകുന്ന വെറ്ററിനറി ആരോഗ്യ കേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിൽ നടപ്പാക്കി. ഏത് സ്ഥലത്തും എത്താൻ സാധിക്കുന്ന എല്ലാവിധ ചികിത്സ സൗകര്യങ്ങളോടും കൂടിയ ടെലി വെറ്ററിനറി വാഹന സൗകര്യ പദ്ധതിയും യാഥാർഥ്യമാ



കുന്നത് ക്ഷീരകർഷകർക്ക് ഏറെ ആശ്വാസകരമാകും

കർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിനു പുറമെ മിച്ചം വരുന്ന പാൽ പൊടിയാക്കി സൂക്ഷിക്കുന്നതിനുള്ള യൂണിറ്റ് ഈ വർഷം. തന്നെ മലപ്പുറത്തു യാഥാർഥ്യമാകും എന്നും മന്ത്രി കൂട്ടിച്ചേർത്തു.

ക്ഷീര സംഗമത്തോടനുബന്ധിച്ച് കന്നുകാലി പ്രദർശനം ഡയറി എക്സ്പോ, ക്ഷീരകർഷകരെ ആദരിക്കൽ എന്നിവ സംഘടിപ്പിച്ചു.

ക്ഷീര സംഗമത്തോടനുബന്ധിച്ച് നടന്ന പൊതു സമ്മേളനത്തിന്റെ ഉൽഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബേബി ബാലകൃഷ്ണൻ നിർവഹിച്ചു. ചടങ്ങിൽ ജില്ലാ ക്ഷീര കർഷക സംഘം ചെയർമാൻ ശ്രീ. സുമേശൻ കെ സ്വാഗതം പറഞ്ഞു നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. മാധവൻ മണിയറ അധ്യക്ഷതവഹിച്ചു.

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. മണികണ്ഠൻ, പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എം.ലക്ഷ്മി, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. ഷമീന ടീച്ചർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. ഷാനവാസ് പാദൂർ, പീലിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പ്രസന്നകുമാരി പി.പി, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി. ലക്ഷ്മി പി.കെ., ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. ഗീതാ കെ.സി., ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. മനു എം., നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡണ്ട് ശ്രീ. ടി.വി. ഗോവിന്ദൻ, . എം.ആർ. സി.എം.പി. യൂ. ഡയറക്ടർ ബോർഡ് അംഗം ശ്രീ. സുധാകരൻ കെ, കെ. സി എം എം എഫ് ഡയറക്ടർ ബോർഡ് അംഗം ശ്രീ. പി.പി. നാരായണൻ, മറ്റു തുതല പഞ്ചായത്ത് ജനപ്രതിനിധികൾ ക്ഷീരകർഷകർ സാമൂഹ്യപ്രവർത്തകർ ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കാസറഗോഡ് ജില്ല ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. ജീജാ സി. കൃഷ്ണൻ നന്ദി പറഞ്ഞു.

# ജലസേചനാധിഷ്ഠിത കൃഷി സമ്പ്രദായം വ്യാപകമാക്കും – ജലവിഭവ വകുപ്പ് മന്ത്രി

## ഇടുക്കി ജില്ല കർഷക അവാർഡു വിതരണവും, ഞങ്ങളും കൃഷിയിലേക്ക് ജില്ലാ തല ഉദ്ഘാടനവും നിർവ്വഹിച്ചു

കേരളത്തിൽ കൂടുതൽ സ്ഥലങ്ങളിൽ ജലസേചനാധിഷ്ഠിത കൃഷിരീതികൾ വ്യാപിപ്പിക്കുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ. ഇടുക്കി ജില്ല കർഷക അവാർഡു വിതരണവും, ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനവും തൊടുപുഴ മുൻസിപ്പൽ ടൗൺ ഹാളിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.



കെ. എം മാണി ഊർജ്ജിത കാർഷിക ജലസേചന പദ്ധതി എന്ന പേരിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാകും ഈ പദ്ധതി നടപ്പിലാക്കുക. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയിലൂടെ ഇടുക്കി ജില്ലയുടെ കാർഷിക പ്രതാപം വീണ്ടെടുക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു. കാലാവസ്ഥ വ്യതിയാനവും, പ്രകൃതി ദുരന്തങ്ങളും മൂലം ബുദ്ധിമുട്ടനുഭവിച്ച കർഷകർക്ക് ഈ പദ്ധതി ആത്മവിശ്വാസം പകരും.

ജില്ലാതലത്തിൽ പച്ചക്കറി കൃഷി പദ്ധതിയുമായി ബന്ധപ്പെട്ട അവാർഡുകളും, വിവിധ കർഷക അവാർഡുകളും, കൃഷി ഉദ്യോഗസ്ഥർക്കുമുള്ള അവാർഡുകളും മന്ത്രി വിതരണം ചെയ്തു.

തൊടുപുഴ മുൻസിപ്പൽ ചെയർമാൻ ശ്രീ. സനീഷ് ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. ടീസ ജോസഫ്, ഉടുമ്പന്നൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം . ലതീഷ്, ജില്ലാ പഞ്ചായത്ത് അംഗം പ്രൊഫ.എ.ജെ.ജെയ്ക്കബ്ബ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. എലിസബത്ത് പുന്നൂസ്, ആത്മ പ്രൊജക്ട് ഡയറക്ടർ ശ്രീമതി. ആൻസി തോമസ്, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ ശ്രീമതി. സൂസൻ ബെഞ്ചമിൻ, ശ്രീമതി. സിജി ആന്റണി എന്നിവർ പങ്കെടുത്തു.

പക്ഷിപ്പനി ബാധിച്ചതിനെത്തുടർന്ന് താറാവുകൾ നഷ്ടമായ കർഷകർക്കുള്ള ധനസഹായ വിതരണം മൃഗസംരക്ഷണ ക്ഷീരവികസനവകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നടത്തി. രണ്ടു മാസത്തിൽ താഴെ പ്രായമുള്ള താറാവുകൾക്ക് 100 രൂപ നിരക്കിലും അതിന് മുകളിൽ പ്രായമുള്ളവയ്ക്ക് 200 രൂപ നിരക്കിലും മുട്ട ഒന്നിന് 5 രൂപ നിരക്കിലും 3, 02,01,995 (മൂന്ന് കോടി രണ്ട് ലക്ഷത്തി ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ച്) രൂപ ആണ് സർക്കാർ അനുവദിച്ചത്.



കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കെപ്കോ മിത്രം പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനം മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസനവകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു.



കൊല്ലം ജില്ലാ ക്ഷീരസംഗമം മൃഗസംരക്ഷണ ക്ഷീരവികസനവകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു




വ്യാവസായികാടിത്തറയിലുള്ള പാലുല്പാദനം ലാഭകരമായി എങ്ങനെ സമ്പാദ്യമാക്കാം എന്ന വിഷയവുമായി ബന്ധപ്പെട്ട് ഡെയറി സംരംഭകർക്കായി കേരള ഫീഡ്സിന്റെ നേതൃത്വത്തിൽ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡുമായി (KLDB) സഹകരിച്ച് മൃഗസംരക്ഷണവകുപ്പും കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയും നടത്തുന്ന, "ഡെയറി നെക്സ്റ്റ് : പ്രയോഗവും പ്രയോജനവും" എന്ന സെമിനാർ പരമ്പരയുടെ ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസനവകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നിർവഹിച്ചു. കേരളഫീഡ്സ് ബ്രാൻഡ് അംബാസിഡറും ക്ഷീരകർഷകനുമായ ശ്രീ. ജയറാം കർഷകരുമായി സംവദിച്ചു.



# ഹോർട്ടിക്കോർപ് കർഷകർക്കുള്ള കുടിശ്ശിക മാർച്ച് 31 നകം നൽകുമെന്ന് മന്ത്രി ശ്രീ.പി. പ്രസാദ്

ഹോർട്ടിക്കോർപ് കർഷകർക്കു നൽകാനുള്ള കുടിശ്ശിക മാർച്ച് 31നകം നൽകുമെന്ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ്. മാട്ടുപ്പെട്ടി കെ എൽ ഡി ബോർഡ് ഗസ്റ്റ് ഹൗസിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്ന മന്ത്രി. ഇതിനു മൂന്ന് കോടി രൂപ അനുവദിച്ചതായും മന്ത്രി അറിയിച്ചു. കർഷകരുടെ കുടിശ്ശിക തീർക്കുന്ന ഘട്ടം ഘട്ടമായി തുക അനുവദിക്കും.

സുഭിക്ഷ കേരളം, സുരക്ഷിത ഭക്ഷണം എന്ന ലക്ഷ്യത്തിനായി 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയാണ്. ഓരോ കുടുംബവും കൃഷിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനു മണ്ണുള്ള കർഷകർക്ക് വിത്തും തൈയും നൽകും. ഞങ്ങളും കൃഷിയിലേക്ക് വലിയ ക്യാമ്പയിൻ ആക്കി മാറ്റും. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കൃഷിയുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ പദ്ധതി ജനകീയമാക്കും. കൃഷി മന്ത്രി അധ്യക്ഷനും തദ്ദേശഭരണം, സഹകരണ വകുപ്പ് മന്ത്രിമാർ അംഗങ്ങളായും , സന്നദ്ധ സംഘടനകൾ, സർക്കാർ സംരംഭങ്ങൾ എന്നിവയുടെ സഹകരണത്തോടെ 'ഞങ്ങളും കൃഷിയിലേക്ക്'ഏറ്റവും വലിയ ജനകീയ ക്യാമ്പയിനാക്കി മാറ്റും. വിഷമില്ലാത്ത ഭക്ഷണം ജീവിക്കാൻ അത്യന്താപേക്ഷിതമാണ്. മുപ്പതു മുതൽ നാൽപതു ശതമാനം ജീവിത ശൈലി രോഗങ്ങളും കാൻസറും ബാധിക്കുന്നത് ഇന്നത്തെ ഭക്ഷണ രീതിയിലൂടെയാണെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇതു വലിയ ദുരന്തമാണ്. ജില്ലയിലെ വട്ടവട, കാന്തല്ലൂർ എന്നിവിടങ്ങൾ ശീതകാല കൃഷിക്ക് അനുയോജ്യമാണ്. എന്നാൽ പണം വായ്പ എടുക്കുന്ന കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ കടം കൊടുത്തവർക്കു തന്നെ നൽകേണ്ട സ്ഥിതിയുണ്ട്. ഇതു മൂലം ന്യായമായ വില ലഭിക്കുന്നില്ല. ഈ പ്രശ്നവും ഉടൻ പരിഹരിക്കാൻ നടപടി സ്വീകരിക്കും. ഉത്പാദനം വർധിപ്പിച്ചു കർഷകന്റെ വരുമാനം കൂട്ടുന്നതിലൂടെ മാത്രമേ കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിനു കഴിയുകയുള്ളൂ. മാന്യമായി ജീവിക്കാൻ കഴിയുന്ന വരുമാനം ഉണ്ടായാലേ കൂടുതൽ ജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കാൻ കഴിയൂ. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം വൈകുന്നതിലൂടെ കർഷകർക്കുണ്ടാകുന്ന വിള നഷ്ടം പരിഹരിക്കുന്നതിനു സംഭരണ സംസ്കരണ സംവിധാനം വിപുലമാക്കും. മൂല്യവർദ്ധിത ഉത്പന്നങ്ങൾ കൂടുതലായി ഉൽപാദിപ്പിക്കുന്നതിനു ശ്രമിക്കും. അഗ്രോബിസിനസ് കമ്പനിക്കു രൂപം നൽകും. കോൾഡ്സ്റ്റോറേജ് വാഹനങ്ങൾ കൂടുതലായി ലഭ്യമാക്കും. ഇതുവഴി കർഷകന്റെ വരുമാനം ഇരട്ടിയാക്കുന്നതിനുള്ള ബഹുമുഖ പരിപാടി ആവിഷ്കരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.



നമ്മുടെ കേരളത്തിൽ ഒരുവർഷം 70 ലക്ഷം ടൺ പച്ചക്കറിയാണ് ഉപയോഗിക്കുന്നത്. 2016 ൽ ഏകദേശം 60 ലക്ഷം ടൺ പച്ചക്കറി ഉല്പാദിപ്പിച്ചു. കഴിഞ്ഞവർഷം പതിനഞ്ചുലക്ഷത്തി എഴുപതിനായിരം ടൺ പച്ചക്കറി ഉല്പാദിപ്പിച്ചു. കോവിഡിന്റെ പ്രതിസന്ധി നിലനിൽക്കുമ്പോൾ ഇത്രയധികം പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിഞ്ഞത് വലിയ മുന്നേറ്റമാണ്. ഇതിന്റെ ഭാഗമായാണ് സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

കാർഷിക ഉത്പാദനം വർധിപ്പിക്കുന്നതിനു 8000 കർഷക സംഘങ്ങളും മൂല്യ വർധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിന് 2000 കർഷക സംഘങ്ങളും രൂപീകരിക്കും. പരമ്പരാഗത വിത്തിനങ്ങളെ സംരക്ഷിക്കും. കൃഷിയിൽ കൂടുതൽ തുക വകയിരുത്തി നല്ല കൃഷി രീതി നടപ്പാക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് സംസ്ഥാന ജില്ലാ തലങ്ങളിൽ അവാർഡ് ഏർപ്പെടുത്തും. ഏറ്റവും നല്ല കൃഷിഭവന് മുൻ മന്ത്രി വി വി രാഘവന്റെ സ്മരണാർത്ഥം അവാർഡ് ഏർപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തു കാർബൺ ന്യൂട്രൽ കൃഷി നടപ്പാക്കും. ആലുവയിലെ സ്റ്റേറ്റ് സീഡ് ഫാം ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാമാകും. സംസ്ഥാനത്തെ 14 ഫാമിലൂടെയും കാർബൺ ന്യൂട്രൽ കൃഷി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

ഹോർട്ടി കോർപ്പ് ചെയർമാൻ അഡ്വ. വേണുഗോപാൽ, സംസ്ഥാന വെയർ ഹൗസിങ് കോർപറേഷൻ ചെയർമാൻ ശ്രീ. ഡി.മുത്തു പാണ്ഡ്യൻ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.പളനിവേൽ, ഹോർട്ടി കോർപ്പ് എം.ഡി ശ്രീ. ജെ.സജീവ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. എലിസബത്ത് പുന്നൂസ്, എഫ് ഐ ബി പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ശ്രീ. ജോർജ് സെബാസ്റ്റ്യൻ, ആത്മ പ്രൊജക്റ്റ് ഡയറക്ടർ ശ്രീമതി. ആൻസി തോമസ്, ദേവികുളം കൃഷി അസി. ഡയറക്ടർ ശ്രീ. പ്രമോദ് എം.എസ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ശ്രീ. എൻ. സതീഷ് കുമാർ തുടങ്ങിയവർ മന്ത്രിയ്ക്കൊപ്പം ഉണ്ടായിരുന്നു.

# ജലസേചന സൗകര്യം മെച്ചപ്പെടുത്തി ഉറവകൾ വീണ്ടെടുക്കണം: മന്ത്രി ശ്രീ. പി. രാജീവ്

## കൊടുങ്ങല്ലൂർ ബ്രാൻഡിൽ അരി വിപണിയിലെത്തിക്കും

കൃഷിക്കായി ജലസേചന സൗകര്യം മെച്ചപ്പെടുത്തി ഉറവകൾ വീണ്ടെടുക്കണമെന്ന് വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. തരിശു ഭൂമികളിൽ കൃഷി ഇറക്കുന്നതോടെ വറ്റിപ്പോയ ജലസ്രോതസുകളിൽ ഉറവ വരികയും ഉറവകൾ വീണ്ടെടുക്കാൻ കഴിയുകയും ചെയ്യും. കടുങ്ങല്ലൂർ എന്ന പേരിൽ അരി വിപണിയിലെത്തിക്കാനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വഴി കർഷകർക്ക് നല്ല വരുമാനം ഉറപ്പാക്കാനും സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

പടിഞ്ഞാറേ കടുങ്ങല്ലൂർ മുണ്ടോപ്പാടത്ത് നടന്ന കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്ന അദ്ദേഹം. പടിഞ്ഞാറേ കടുങ്ങല്ലൂർ പാടശേഖര സമിതിയും ഗ്രാമ പഞ്ചായത്തും കൃഷിഭവനും സംയുക്തമായാണ് കൃഷി നടത്തിയത്. കുട്ടനാടൻ കർഷകരായ ശ്രീ. പി.ജി. ജ്യോതിഷ് കുമാർ, കുഞ്ഞുമോൻ എന്നിവരുടെ മേൽനോട്ടത്തിലാണ് കൃഷി നടത്തിയത്.

30 വർഷമായി തരിശുകിടന്ന 75 ഏക്കർ ഭൂമിയിലാണ് കൃഷി നടത്തിയത്. ഉമ എന്ന വിത്തിനമാണ് കൃഷിക്കായി ഉപയോഗിച്ചത്.



കൊയ്ത്ത്മെതി യന്ത്രം ഉപയോഗിച്ചാണ് വിളവെടുപ്പ് .

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സുരേഷ് മുട്ടത്തിൽ അധ്യക്ഷനായ ചടങ്ങിൽ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. രമ്യ തോമസ് മുഖ്യാതിഥി ആയിരുന്നു. ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ ശ്രീ. പി.എ. അബൂബക്കർ, മെമ്പർ ശ്രീ. കെ.ആർ രാമചന്ദ്രൻ, പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. മുഹമ്മദ് അൻവർ, ശ്രീമതി. ഓമന ശിവശങ്കരൻ, മെമ്പർ ശ്രീ. വി.കെ ശിവൻ, കടുങ്ങല്ലൂർ കൃഷി ഓഫീസർ ശ്രീമതി. നയ്യ നൗഷാദ് അലി, പാടശേഖര സമിതി പ്രസിഡന്റ് ശ്രീ. എസ്.എൻ പിള്ള, സെക്രട്ടറി പി.ബി ഹരിദാസ് തുടങ്ങിയവർ പങ്കെടുത്തു.

# കാർഷിക ഉത്പന്നങ്ങൾക്ക് വിപണി മൂല്യം ഉറപ്പാക്കണം: ശ്രീ. ആന്റണി ജോൺ എം.എൽ.എ

## ജില്ലാതല കാർഷിക അവാർഡുകൾ വിതരണം ചെയ്തു

കർഷകരുടെ ഉത്പന്നങ്ങൾ മൂല്യവർദ്ധിത വസ്തുക്കളാക്കി വിറ്റഴിക്കാൻ കഴിയണമെന്ന് ശ്രീ. ആന്റണി ജോൺ എം.എൽ.എ പറഞ്ഞു. കോതമംഗലം എം.എ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ ജില്ലാതല കർഷക അവാർഡ് വിതരണവും, ബ്ലോക്ക്തല കിസാൻ മേളയും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്ന അദ്ദേഹം.

കർഷകർ പല പ്രതിസന്ധികളും നേരിട്ടാണ് മുന്നോട്ട് പോകുന്നത്. ഈ സാഹചര്യത്തിൽ കർഷകരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. വിളകൾക്ക് മാന്യമായ വിലയും, മൂല്യവർദ്ധിത വസ്തുക്കൾ നിർമ്മിക്കുന്നതിനാവശ്യമായ സൗകര്യവും ഒരുക്കുന്നത് വഴി കർഷകരുടെ ഒരുവിധം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നും എം.എൽ.എ പറഞ്ഞു. കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എം ബഷീർ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈനി ജോർജ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. നിസാമോൾ ഇസ്മായിൽ, എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ




ശ്രീമതി. ഇ.എം ബബിത, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ , മറ്റ് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ, ഉദ്യോഗസ്ഥർ, കർഷകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. പരിപാടിയോടനുബന്ധിച്ച് കാർഷിക സെമിനാറും, കിസാൻ മേളയും സംഘടിപ്പിച്ചു.

അവാർഡ് ജേതാക്കൾക്ക് ശ്രീ. ആന്റണി ജോൺ എം.എൽ.എ ഫലകവും പ്രശസ്തിപത്രവും സമ്മാനിച്ചു.

## പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാനായി കൃഷിവകുപ്പ് കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചു. കൺട്രോൾ റൂം ഫോൺ നമ്പരുകൾ താഴെ പറയുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | 9383470086 | 9383470092 |
| കൊല്ലം | 9447104855 | 7907935033 |
| പത്തനംതിട്ട | 9495734107 | 9495606930 |
| കോട്ടയം | 9383470704 | 9447661125 |
| ആലപ്പുഴ | 8848017609 | 9447400212 |
| എറണാകുളം | 9383471150 | 9383471180 |
| തൃശ്ശൂർ | 9383473242 | 9383473536 |
| പാലക്കാട് | 9447359453 | 9447839399 |
| മലപ്പുറം | 9400000914 | 9446474275 |
| കോഴിക്കോട് | 8547802323 | 9847402917 |
| ഇടുക്കി | 9447232202 | 9447447705 |
| വയനാട് | 9446367312 | 9383471915 |
| കണ്ണൂർ | 9383472028 | 9495326950 |

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sunilkumar R., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh